(ബി) മുൻ വർഷങ്ങളിൽ കൃഷി ചെയ്യാതെ തരിശായിക്കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കി അതുവഴി കൂടുതൽ തരിശുഭൂമി കൃഷിയോഗ്യമാക്കുവാനും ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും അത്തരത്തിൽ നെൽകൃഷിയുടെ ആകെ വിസ്തീർണ്ണം വർദ്ധിപ്പിക്കുകവഴി സംസ്ഥാനത്ത് നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്താക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശം.

(സി) കുടുംബശ്രീ, ജനശ്രീ, സ്വാശ്രയ സംഘം, കർഷക ക്ലബ്, തരിശുഭൂമിയുടെ ഉടമകൾ എന്നിവരെ ഉൾപ്പെടുത്തിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) 2011-12 വർഷം 14 ജില്ലകളിലുമായി ആകെ 3407 ഹെക്ടർ സ്ഥലത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കാൻ സാധിച്ചു. അതിനായി 246.37 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. 2012-13 വർഷം ആർ.കെ.വി.വൈ. കരാർ കൃഷി-തരിശ് നിലം പദ്ധതി പ്രകാരം ആകെ 1005 ഹെക്ടർ തരിശുനിലം കൃഷി യോഗ്യമാക്കുകയുണ്ടായി. പദ്ധതി നടപ്പിലാക്കുന്നതിനായി 210.75 ലക്ഷം രൂപ 14 ജില്ലകളിലുമായി ചെലവഴിക്കുകയുണ്ടായി. 13-ാമത് ഫിനാൻസ് കമ്മീഷൻ അവാർഡ് (കുട്ടനാട് പാക്കേജ്) പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി 368.4 ഹെക്ടർ തരിശുനിലം നെൽകൃഷിയോഗ്യമാക്കുകയുണ്ടായി. അതിനായി 110.52 രൂപ ചെലവഴിക്കുകയുണ്ടായി. 2013-14 വർഷം തരിശുനിലനെൽകൃഷി നടപ്പിലാക്കുന്നതിനായി 14 ജില്ലകളിലായി 1653.95 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 30000 രൂപ സബ്സിഡി നിരക്കിൽ 491.33 ലക്ഷം രൂപ നൽകുകയുണ്ടായി. ഇതിനുപുറമെ 2012-13-ൽ നടപ്പിലാക്കിയ തരിശുനിലകൃഷി നിലനിർത്തുന്നതിനായി 652.93 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 15000 രൂപ സബ്സിഡി നിരക്കിൽ) 95.26 ലക്ഷം രൂപ ചെലവഴിച്ച് നെൽകൃഷി നടപ്പിലാക്കുകയുണ്ടായി. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കുട്ടനാട് പാക്കേജ് പദ്ധതിയനുസരിച്ച് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി 250 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 30000 രൂപ സബ്സിഡി നിരക്കിൽ 75 ലക്ഷം രൂപയും ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുകയുണ്ടായി.

ഭക്ഷ്യവിളകളുടെ ഉല്പാദന വർദ്ധനവിനായി പദ്ധതി

214 (1653) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഭക്ഷ്യ വിളകളുടെ ഉൽപാദനത്തിൽ ഉണ്ടായിട്ടുള്ള കുറവിനെ സംബന്ധിച്ച് സർക്കാർ തലത്തിൽ ഏതെങ്കിലും ഏജൻസി ഗൗരവമായ പഠനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇങ്ങനെ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് റിപ്പോർട്ടോ നിർദ്ദേശങ്ങളോ സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെയോ നിർദ്ദേശങ്ങളുടെയോ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെയോ നിർദ്ദേശങ്ങളുടെയോ അടിസ്ഥാനത്തിൽ ഭക്ഷ്യ വിള ഉൽപാദന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഇ) അത്തരത്തിൽ രൂപം നൽകിയ പദ്ധതിയെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി-ഇ) ബാധകമല്ല.

റബ്ബർ സംഭരണം

215 (1654) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റബ്ബർ കർഷകരിൽനിന്നും റബ്ബർ സംഭരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അപ്രകാരം പ്രഖ്യാപനം നടത്തുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ ;

(സി) അതനുസരിച്ച് റബ്ബർ സംഭരണം ആരംഭിച്ചിട്ടുണ്ടെങ്കിൽ ഇതേവരെ എത്ര ടൺ റബ്ബർ സംഭരിച്ചിട്ടുണ്ടെന്നും കർഷകർക്ക് നൽകുന്ന വിലയെത്രയാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്നുനിൽക്കുന്ന സാഹചര്യത്തിലാണ് കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് തീരുമാനിച്ചത്.

(സി) 27-11-2014 വരെ റബ്ബർമാർക്ക് 585.5 ടണ്ണും മാർക്കറ്റ്ഫെഡ് 390.8 ടണ്ണും ഉൾപ്പെടെ ആകെ 976.3 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്. റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽ നിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകിയാണ് കർഷകരിൽനിന്നും റബ്ബർ സംഭരണം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly